പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

## തൊഴിലുറപ്പ് പദ്ധതി

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2673 — 10.07.2015 ൽ മറുപടിക്ക്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി.കെ.എസ്.സലീഖ** | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) | |
| (എ) | തൊഴിലുറപ്പ് പദ്ധതിയിൽ നാളിതുവരെ എത്ര കുടുംബങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; അതിൻപ്രകാരം എത്ര പേർ പണിയെടുക്കുന്നു; | (എ) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 2011-12 മുതലുള്ള കാലയളവിൽ രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെയും അതിൻ പ്രകാരം തൊഴിൽ ചെയ്യുന്നവരുടെ എണ്ണവും സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു. |

| വർഷം | രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | പണിയെടുത്ത തൊഴിലാളികളുടെ എണ്ണം |
|---|---|---|
| 2011-12 | 1886774 | 1562991 |
| 2012-13 | 2553204 | 1664980 |
| 2013-14 | 2835056 | 1643206 |
| 2014-15 | 3028599 | 1512501 |
| 2015-16 (22.06.2015) | 3063020 | 423593 |

| | | | |
|---|---|---|---|
| (ബി) | 2014-15 സാമ്പത്തിക വർഷം എത്ര പേർക്ക് നൂറ് ദിവസം തൊഴിൽ നൽകാൻ സാധിച്ചു ; | (ബി) | 2014-15 സാമ്പത്തിക വർഷം 98430 കുടുംബങ്ങൾക്ക് 100 ദിവസം തൊഴിൽ നൽകിയിട്ടുണ്ട്. |
| (സി) | 2014-15 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിക്ക് കേന്ദ്രസഹായമായി ലഭിച്ച തുക എത്ര; സംസ്ഥാന വിഹിതം എത്ര; | (സി) | 2014-15 സാമ്പത്തിക വർഷം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി കേന്ദ്രവിഹിതമായി 1587.58 കോടി രൂപയും സംസ്ഥാന വിഹിതമായി 40 കോടി രൂപയും ലഭിച്ചിട്ടുണ്ട്. |
| (ഡി) | പദ്ധതിയുമായി ബന്ധപ്പെട്ട് നൽകിയ കേന്ദ്ര വിഹിതം സംസ്ഥാനം 2014-15 ൽ വകമാറ്റി ചെലവഴിച്ചുവോ ; വ്യക്തമാക്കുമോ ; | (ഡി) | കേന്ദ്രവിഹിതം 2014-15 ൽ വകമാറ്റി ചെലവഴിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| (ഇ) | തൊഴിലുറപ്പ് ജോലിക്കിടെ നാളിതുവരെ പല കാരണങ്ങളാൽ മരണപ്പെട്ടവർ എത്രയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ; ഇപ്രകാരം മരണപ്പെട്ടവരുടെ കുടുംബത്തെ സഹായിക്കുവാൻ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; മുഴുവൻ തൊഴിലുറപ്പ് തൊഴിലാളികൾക്കും സമ്പൂർണ്ണ ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ? | (ഇ) | തൊഴിലുറപ്പ് പദ്ധതി ജോലിക്കിടെ നാളിതുവരെ മരണപ്പെട്ടവരുടെ എണ്ണം സംബന്ധിച്ച ജില്ല തിരിച്ചുള്ള വിവരം ശേഖരിച്ചു വരുന്നു. ഇപ്രകാരം മരണപ്പെടുന്നവരുടെ കുടുംബങ്ങൾക്ക് പദ്ധതിയിൽ അനുവദനീയമായ എക്സ്-ഗ്രേഷ്യ തുകയായ 25,000/- രൂപ വീതം അനുവദിച്ചിട്ടുണ്ട്. പദ്ധതിയിൽ ഏറ്റവും കുറഞ്ഞത് 15 ദിവസമെങ്കിലും പണിയെടുത്തിട്ടുള്ള തൊഴിലാളികൾക്ക് ആം‌ആദ്മി ബീമായോജന പ്രകാരമുള്ള ആരോഗ്യ ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പ് വരുത്തുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ